(ഡി) പദ്ധതികളൊന്നും നടപ്പാക്കാൻ കഴിയാതെ വന്നിട്ടില്ല. എന്നാൽ ഡി.പി.സി.യുടെ അംഗീകാരത്തോടെ ചിലതിൽ മാറ്റം വരുത്തിയിട്ടുണ്ട്.

(ഇ) റോഡ് റോളർ - 66,34,000/-രൂപ. മറ്റു വാഹനങ്ങൾ വാങ്ങിയിട്ടില്ല. രണ്ടു പവർ ട്രില്ലർ വാങ്ങിയതിന് 1,78,984/-രൂപ. ഇവയൊക്കെ പ്രവർത്തിക്കുന്നുണ്ട്.

(എഫ്) റോഡു റോളർ മാറ്റി നൽകിയിട്ടുണ്ട്.

(ജി) റോഡ് റോളർ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(എച്ച്) പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് സർക്കാർ ആശുപത്രിക്കായി ആംബുലൻസ് വാങ്ങിയിട്ടില്ല. റോഡുറോളറിന് ദിവസക്കൂലി വ്യവസ്ഥയിലാണ് ഡ്രൈവറെ നിയമിക്കുവാൻ പഞ്ചായത്തുകമ്മിറ്റി തീരുമാനിച്ചിട്ടുള്ളത്.

(ഐ) കെട്ടിടം പണി പൂർത്തിയായി. അനുബന്ധ പ്രവൃത്തികൾ നീങ്ങുന്ന മുറയ്ക്ക് പ്രവർത്തനം തുടങ്ങുന്നതാണ്.

(ജെ) പി.എസ്.സി. മുഖേന മാത്രമേ നിയമനം നടത്താറുള്ളു.

കുരുവിൻമുകൾ-മണപ്പുറം റോഡ് വികസനം

119 (2176) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയിൻകീഴ് പഞ്ചായത്തിൽപ്പെട്ട കുരുവിൻമുകൾമണപ്പുറം റോഡ് വികസനം തടസ്സപ്പെട്ടിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡ് വികസിപ്പിച്ച് ഗതാഗതയോഗ്യമാക്കി പൊതുജനത്തിനുപയോഗപ്രദമാക്കാൻ വേണ്ട അടിയന്തിര നടപടി കൈക്കൊള്ളുമോ;

(സി) ഈ റോഡിന്റെ ചില ഭാഗങ്ങൾ തദ്ദേശവാസികൾ കൈയേറിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കയ്യേറിയ ഭാഗങ്ങൾ തിരിച്ച് റോഡിന്റെ ഭാഗമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത റോഡിനെ സംബന്ധിച്ച് പഞ്ചായത്ത് തലത്തിലോ സർക്കാർ തലത്തിലോ പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കയ്യേറിയ ഭാഗങ്ങൾ തിരിച്ചുപിടിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

(ഡി) പഞ്ചായത്ത്തലത്തിലും സർക്കാർ തലത്തിലും പരാതികൾ ലഭിച്ചിട്ടുണ്ട്. റോഡ് കയ്യേറി നശിപ്പിച്ചിട്ടും നടപടി സ്വീകരിക്കാതിരുന്നു എന്ന് ആരോപിക്കപ്പെടുന്ന മലയിൻകീഴ് പഞ്ചായത്തധികൃതരുടെ നടപടി അന്വേഷണ വിധേയമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. കൃഷ്ണൻകുട്ടി എന്നയാൾ

LIBRARY ARCHIVES Kerala Legislative Assembly

24.6.99 ന് സർക്കാരിൽ പരാതി സമർപ്പിച്ചിട്ടുണ്ട്. ടി. പരാതി ആവശ്യമായ നടപടികളെടുക്കുന്നതിനായി 27823/കെ1/99/തഭവ നമ്പർ എൻഡോഴ്സ്മെന്റായി പഞ്ചായത്ത് ഡയറക്ടർക്ക് 28.6.99 ന് അയച്ചിട്ടുണ്ട്. മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 15.6.99-ലെ 1 (14)-ാം നമ്പർ തീരുമാനപ്രകാരം റോഡിന്റെ അതിര് നിർണ്ണയിച്ച് നൽകുവാൻ ആർ.ഡി.ഒ.യോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

കുളനട പഞ്ചായത്തിന് അനുവദിച്ച തുക

120 (2177) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ കുളനട പഞ്ചായത്തിന് 1998-99-ൽ പദ്ധതി വിഹിതമായി എന്തു തുക നൽകിയിട്ടുണ്ട്;

(ബി) ഇതിൽ 1999 മാർച്ച് 31 വരെ എന്തു തുക ചെലവായിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഇതിൽ ഓരോ മേഖലയ്ക്കും അനുവദിച്ചിരുന്ന തുകയും അതിൽ ചെലവാക്കിയ തുകയും എത്രയാണെന്ന് അറിയിക്കുമോ;

(ഡി) ഈ പഞ്ചായത്തിന് 1999-2000 വർഷത്തേയ്ക്ക് പദ്ധതിവിഹിതമായി എന്തു തുക നീക്കിവച്ചിട്ടുണ്ട്;

(ഇ) 1998-99-ൽ പഞ്ചായത്തിന്റെ തനത് വിഹിതം എന്തായിരുന്നു;

(എഫ്)വി.റ്റി.സി., വി.ആർ.എം., സ്റ്റാമ്പ് ഡ്യൂട്ടി എന്നീ ഇനങ്ങളിൽ എന്തു തുക ലഭിച്ചിട്ടുണ്ട്;

(ജി) 1998-99-ൽ ഈ പഞ്ചായത്ത് പദ്ധതി വിഹിതം പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 49,29,000/- രൂപ.

(ബി) 36,65,942/-രൂപ.

(സി)

മേഖല	അനുവദിച്ച തുക (രൂപ)	ചെലവാക്കിയ തുക (രൂപ)
1. ഉത്പാദന മേഖല	20,42,000/-	14,16,458/-
2. സേവന മേഖല	16,96,000/-	12,24,805/-
3. പശ്ചാത്തല മേഖല	11,91,000/-	10,24,679/-
ആകെ	**49,29,000/-**	**36,65,942/-**

(ഡി) 51,56,000/-രൂപ.

(ഇ) 10,50,000/-രൂപ (പഞ്ചായത്ത് വിഹിതം)

(എഫ്)വി.റ്റി.സി. - 5,00,198/- രൂപ.

വി.ആർ.എം. - ഇല്ല.

സ്റ്റാമ്പ് ഡ്യൂട്ടി - 6,41,440/- രൂപ.

ആകെ - 11,41,638/

(ജി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly